# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2733** | **18.08.2017-ന് മറുപടി നൽകേണ്ടിയിരുന്നത്** |

## മികവിന്റെ കേന്ദ്രം പദ്ധതിയിലേക്ക് സ്കൂളുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള മികവിന്റെ കേന്ദ്രം പദ്ധതിയിലേക്ക് സ്കൂളുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തെല്ലാമാണ്; ആരിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകളെ നിശ്ചയിച്ചിട്ടുള്ളത്; | (എ) പരമാവധി വിദ്യാർത്ഥികൾക്ക് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി യുടെ പ്രയോജനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കുട്ടികൾ കൂടുതലുള്ളതും കെട്ടിടങ്ങൾ നിലവിലുള്ളതുമായ സ്കൂളുകൾക്ക് മുൻഗണന നൽകിക്കൊണ്ട് നിയോജക മണ്ഡലം എം.എൽ.എയുടെ ശുപാർശകൂടി പരിഗണിച്ചുകൊണ്ടാണ് മികവിന്റെ കേന്ദ്രം പദ്ധതിയിലേക്ക് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) ഈ മികവിന്റെ കേന്ദ്രം പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന ഏതെങ്കിലും പദ്ധതിയുടെ ഭാഗമാണോ; എങ്കിൽ ഏതെങ്കിലും നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) അല്ല. |
| (സി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പെരിന്തൽമണ്ണ ഗവ. മോഡൽ എച്ച്.എസ്.എസ്.ന് മികവിന്റെ കേന്ദ്രം പദ്ധതിയിൽ | (സി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പെരിന്തൽമണ്ണ ഗവ. മോഡൽ ഹയർസെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 5.98 കോടി |

ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; പെരിന്തൽമണ്ണ നഗരസഭ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ ഭാഗായിട്ടാണോ ഈ തുക അനുവദിച്ചത്;

രൂപയുടെ പദ്ധതിയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പെരിന്തൽമണ്ണ നഗരസഭ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായിട്ടല്ല പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്.

(ഡി) ഈ തുക അനുവദിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും സമർപ്പിച്ച ഏജൻസി ഏതാണ്; ഏതെങ്കിലും സ്വകാര്യ ഏജൻസികൾ സമർപ്പിക്കുന്ന മാസ്റ്റർ പ്ലാനിന് ഈ പദ്ധതി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഈ തുക അനുവദിക്കുന്നതിന് AUS Consortium എന്ന ഏജൻസി തയ്യാറാക്കിയ ശാസ്ത്രീയമായ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസിയായ കിറ്റ്കോ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്ന സ്കൂളുകളുടെ ശാസ്ത്രീയമായ മാസ്റ്റർപ്ലാൻ വിവിധ ഏജൻസികൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസിയായ കിറ്റ്കോ തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ